# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

## യേശുക്രിസ്തു

1. ലോകത്തിലേക്കു വന്നു -1തിമൊ 1:15, മത്തായി 17:10
2. ജഡത്തിൽ ജനിച്ചു- യോഹന്നാൻ 1:14, യോഹന്നാൻ 4:1-3
3. സ്ത്രീയിൽ നിന്ന് ജനിച്ചു- ഗലാത്യർ 4:4, യെശയ്യാവ് 7:14
4. മനുഷ്യപുത്രനായി തീർന്നു-ഫിലിപ്പിയർ 2:5-8; ലൂക്കൊസ് 19:10
5. ദരിദ്രനാകുവാൻ ധനം ഉപേക്ഷിച്ചു- 2കൊരിന്ത്യർ6:9; ലൂക്കൊസ് 9:38
6. മനുഷ്യരാൽ ത്യജിക്കപ്പെട്ടു- യോഹന്നാൻ 1:11,12; യെശയ്യാവ് 57:3
7. ദു:ഖമനുഷ്യനായി തീർന്നു- യെശയ്യാവ് 52:3; മത്തായി 23:37
8. മനുഷ്യരാൽ മരണത്തിനു ഏല്പിച്ചുകൊടുത്തു-ലൂക്കൊസ് 24:46 മത്തായി 16:21
9. ഭൂമിയിൽ ശപിക്കപ്പെട്ടവനായിതീർന്നു- ഗലാത്യർ 3:13
10. നമുക്കു വേണ്ടി പാപമായിതീർന്നു - 2കൊരിന്ത്യർ 5:21

## നമുക്ക്

1. സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ- യോഹന്നാൻ 14:1-3, 2കൊരിന്ത്യർ6:1
2. ആത്മാവിൽ ജനിക്കേണ്ടതിന്നു- യോഹന്നാൻ 3:5 1 പത്രൊസ് 1:23
3. ദൈവത്താൽ ജനിക്കേണ്ടതിനു യോഹന്നാൻ 1:11-13, യോഹന്നാൻ 5:4
4. ദൈവമക്കൾ ആകേണ്ടതിന്നു- 1യോഹന്നാൻ 3:1-3; ഗലാത്യർ 4:6
5. ധനികരാകുവാൻ ദാരിദ്ര്യം ഉപേക്ഷിച്ചു-2കൊരിന്ത്യർ 8:9; എഫെസ്യർ 2:7
6. ദൈവത്താൽ സ്വീകരിക്കപ്പെട്ടു- എഫെസ്യർ 1:6 പ്രവൃത്തി 10:34
7. തേജസിന്റെ മക്കൾ ആയി തീർന്നു- ഫിലിപ്പിയർ 4:4; 1പത്രൊസ് 4:13
8. ദൈവത്താൽ ജീവനുള്ളവരായിതീർന്നു. കൊലൊസ്യർ 2:13;എഫെസ്യർ2:1
9. സ്വർഗ്ഗത്തിൽ അനുഗ്രഹിക്കപ്പെട്ടവനാകുവാൻ-ഗലാത്യർ 3:14
10. ദൈവത്താൽ നീതീകരിക്കപ്പെടുവാൻ-2കൊരിന്ത്യർ 5: 21

// THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 14 January 2001 No. 10

## എഡിറേറാറിയൽ

പുതു വർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്ന നാം ഓരോരുത്തരും നമ്മുടെ വ്യക്തി ജീവിതത്തെ ഒന്നു പരിശോധിക്കുന്നതു നന്നായിരിക്കും. കഴിഞ്ഞ വർഷം പൊതുവായി പല സംഭവങ്ങളും നമുക്കു ചുററും നടന്നിട്ടുണ്ട്. പലരും ഈ ലോകത്തു നിന്നു തന്നെ തിരോധാനം ചെയ്യപ്പെട്ടിട്ടുണ്ട്. മാററം ആഗ്രഹിക്കാത്തവരായി ആരും കാണുകയില്ല എന്നാണ് എന്റെ വിശ്വാസം. പക്ഷെ ഗുണകരമായ ഒരു വ്യതിയാനം ആണ് മനുഷ്യ ജീവിതത്തിനു പ്രയോജനപ്രദം. കഴിഞ്ഞ വർഷം നാം എന്തൊക്കെ ചെയ്തു ? എന്തെല്ലാം ചെയ്യുവാൻ കഴിഞ്ഞില്ല എന്നതും ചിന്തിക്കേണ്ടതാണ്. പ്രതീക്ഷകളും അതിനായുള്ള കാത്തിരിപ്പും നീണ്ടു പോകയാണോ ? അതോടൊപ്പം നമ്മുടെ പ്രായം നാം അറിയാതെ കടന്നു പോകുന്നു. യാഥാർത്ഥ്യ ബോധവും ലക്ഷ്യപ്രാപ്തിയും ശരിയായ ദിശയിലാണോ സഞ്ചരിക്കുന്നത് ? എന്റെ ജീവിതത്തിന്റെ ഉദ്ദേശം ഞാൻ വ്യക്തമായി അറിഞ്ഞു പ്രവർത്തിക്കാൻ തയ്യാറായിട്ടുണ്ടോ ? നിരാശപ്പെടുത്തുന്ന നിഷ്ക്രിയാവസ്ഥ മാററി പ്രത്യാശ നല്കുന്ന ക്രിയാത്മക ജീവിതത്തിലേക്കു തിരിയുവാൻ മനസ്സ് വെക്കുക.

പഴയ ജീവിത സ്വഭാവങ്ങളെ മാററി പുതുമയുള്ള സ്വഭാവങ്ങൾക്കുടമയായാൽ അതു എത്രമാത്രം ഉപകാര പ്രദമാകുമെന്നു തിരിച്ചറിയുക. സൽസ്വഭാവികൾ, പാപ

സ്വഭാവത്തിലേക്കു തിരിയുന്നതു നാശത്തിലേക്കുള്ള മാററമാണ്. ആ മാററമല്ല നമുക്കു വേണ്ടതു. മോശമായ ഒന്നിൽ നിന്നു നന്മയിലേക്കുള്ള രൂപാന്തരം ആണ് വേണ്ടതു. നഷ്ടം വന്നുകൊണ്ടിരിക്കുന്ന ജീവിതത്തിൽ ലാഭം വരുമ്പോൾ അതു നമ്മെ സന്തോഷിപ്പിക്കും. വിവേചനാബുദ്ധിയുള്ള ഏതൊരാൾക്കും തന്റെ പോരായ്മകൾ തിരിച്ചറിയാൻ കഴിയും. പക്ഷെ അവിടെ അത് അവസാനിക്കുന്നില്ല എന്നതും ഓർക്കണം. ഇന്നലെ വരെ എനിക്കു നഷ്ടപ്പെട്ടതു വീണ്ടെടുക്കണം എന്ന ബോധം തന്നിൽ തന്നെ ജനിക്കണം. നിങ്ങൾക്കു നഷ്ടപ്പെട്ടതെന്താണ് ? കുടുംബമാണോ ? സമ്പത്താണോ ? വസ്തുവകകളാണോ? ജോലിയാണോ ? അതോ വീടാണോ ? എന്തായിരുന്നാലും അതു നികത്താൻ നിങ്ങൾ എന്തു ചെയ്തു ? ചെയ്യുന്നതു നീതിപൂർവ്വമാണോ ? അതോടൊപ്പം നിങ്ങളുടെ ആത്മിയ ജീവിതം നഷ്ടപ്പെട്ടു പോയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനെ രക്ഷിക്കുവാൻ നിങ്ങൾ എന്തു ചെയ്തു ? അതു ദൈവേഷ്ടപ്രകാരമാണോ ?

ദൃഢമായ തീരുമാനങ്ങളുടെ ഫലമാണല്ലോ നാം അനുഭവിക്കുന്നത്. ഒരാൾ തന്റെ വിചാരങ്ങളെ എങ്ങനെ നയിക്കുന്നു എന്നതു പ്രധാന്യമർഹിക്കുന്ന കാര്യമാണ്. ദൈവത്തിലുള്ള വിശ്വാസം ഒരാളുടെ മനസിനെ നല്ല നിലയിൽ ചിന്തിക്കാൻ സഹായിക്കും. ദൈവത്തിന്റെ ആജ്ഞകളും വിധികളും അവന്റെ സ്വഭാവ വ്യത്യാസത്തിനു വേണ്ടി നല്കിയിട്ടുള്ളതാണ്. മനസിനുണ്ടാകുന്ന മാററം ജീവിതത്തിൽ ഉണ്ടാകണം. ആർക്കും ഉപദ്രവകരമല്ലാത്തതും എല്ലാവർക്കും ഗുണകരവുമായ ദൈവ വഴിയിലേക്കു തിരിയണം. നഷ്ടം ഒഴിവാക്കി നമ്മെ രക്ഷിപ്പാൻ പ്രാപ്തനായ ക്രിസ്തുവിലുള്ള വിശ്വാസം സകല മനുഷ്യരോടും ഏററു പറയുവാൻ നാം ധൈര്യം ആർജിക്കണം.

# ഒരു ബൈബിൾ പരീക്ഷ

J. C. ചോട്ട്

ദൈവേഷ്ടം മനുഷ്യനു വ്യക്തമായി മനസിലാക്കി കൊടുക്കുന്നതു ബൈബിൾ തന്നെയാണ്. നിങ്ങളെ സംബന്ധിച്ച് ദൈവേഷ്ടം എന്തെന്നു നിങ്ങൾക്ക് അറിയാമോ ? താഴെ കൊടുത്തിരിക്കുന്ന വേദവാക്യങ്ങൾ ദയവായി വായിക്കുക. ചോദ്യങ്ങൾ പരിഗണിച്ച് അതിനുള്ള ഉത്തരങ്ങൾ തിരഞ്ഞെടുത്ത് അടയാളപ്പെടുത്തുക. എല്ലാ ഉത്തരങ്ങളും അടയാളപ്പെടുത്തിയ ശേഷം പുറകിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങൾ പരിശോധിച്ച് നിങ്ങൾ എങ്ങനെ ഉത്തരങ്ങൾ എഴുതി എന്നു തിരിച്ചറിയാവുന്നതാണ്. നിങ്ങൾ സ്വയമായി എല്ലാ ചോദ്യങ്ങൾക്കും ഉത്തരം അടയാളപ്പെടുത്തി കഴിയുന്നതിനു മുൻപ്, ഉത്തരങ്ങൾ നോക്കരുത്.

1 ''തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു'' (യോഹന്നാൻ 3:16). ''ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽ കൂടി കടന്നു പോയോരു ശ്രേഷ്ഠ മഹാ പുരോഹിതനായി നമുക്കു ഉള്ളതുകൊണ്ടു നാം നമ്മുടെ സ്വീകാര്യം മുറുകെ പിടിച്ചുകൊൾക'' (എബ്രായർ 4:14).

ആരാണ് യേശു ?.... 1. വെറുമൊരു മനുഷ്യൻ.... 2. ദൈവ പുത്രൻ

2 ''ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും ? നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്നു എഴുതിയിരിക്കുന്നുവല്ലോ'' (റോമർ 10:15). ''എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നില്ക്കുന്നതും നി

ങ്ങൾ വിശ്വസിച്ചതും വൃഥാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേററു'' (1 കൊരിന്ത്യർ 15:1_4).

സുവിശേഷം എന്നാൽ എന്ത് ?.... 1. യേശുവിൻെറ മരണം അടക്കം, ഉയിർപ്പ് എന്നിവ അടങ്ങുന്ന സുവാർത്ത. 2. വിശ്വാസത്താൽ മാത്രം ലഭിക്കുന്ന രക്ഷ. 3. കരുണയും കൃപയും.

3 ക്രിസ്തു പറഞ്ഞു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വാസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15-16).

രക്ഷിക്കപ്പെടുവാൻ ഒരാൾ എന്തു ചെയ്യണം ?.... 1 വിശ്വസിക്ക മാത്രം ചെയ്യുക. 2 പാപികളുടെ പ്രാർത്ഥന ചൊല്ലുക. 3 വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുക.

4 ''സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിൻെറ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു'' (കൊലൊസ്യർ 2:12). ഫിലിപ്പൊസ് ഐത്യോപ്യക്കാരനായ ഷണ്ഡനോടു സംസാരിക്കുന്ന ഭാഗം വിവരിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. ''അവൻ ഇങ്ങനെ വഴി പോകയിൽ വെള്ളമുള്ളോരു സ്ഥലത്തു എത്തിയപ്പോൾ ഷണ്ഡൻ: ഇതാ വെള്ളം ഞാൻ

സ്നാനം ഏല്ക്കുന്നതിനു എന്തു വിരോധം എന്നു പറഞ്ഞു. അതിനു ഫിലിപ്പൊസ്: നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു. യേശുക്രിസ്തു ദൈവ പുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു അവൻ ഉത്തരം പറഞ്ഞു. അങ്ങനെ അവൻ തേർ നിർത്തുവാൻ കല്പിച്ചു. ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി അവൻ അവനെ സ്നാനം കഴിപ്പിച്ചു (പ്രവൃത്തി 8:36-38).

സ്നാനം എന്നാൽ എന്ത് ?— 1. പരിശുദ്ധാത്മ സ്നാനം. 2. വെള്ളത്തിലുള്ള അടക്കം. 3. ഒരാളുടെ തലയിൽ വെള്ളം കോരി ഒഴിക്കൽ.

5. ''ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു'' (ഗലാത്യർ 3:26-27).

ഒരാൾ എങ്ങനെ ക്രിസ്തുവിനോടു ചേരുന്നു ? — 1. വിശ്വാസത്താൽ മാത്രം. 2. സ്നാനത്താൽ.

6 ''ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ അതു പുതുതായി തീർന്നിരിക്കുന്നു'' (2 കൊരിന്ത്യർ 5:17).

ക്രിസ്തുവിലായി തീരുന്ന വ്യക്തി ആരായി തീരുന്നു ? 1, ഒരു പുതിയ സൃഷ്ടി. 2. രക്ഷിക്കപ്പെട്ടു നഷ്ടപ്പെടാൻ കഴിയാതിരിക്കുന്നു.

7. ''യേശു അവനോടു: ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവ രാജ്യം കാൺമാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു'' (യോഹന്നാൻ 3:5).

ഒരാം പുതുതായി ജനിച്ച് പുതിയ സൃഷ്ടിയാകുന്നതെങ്ങനെ? — 1. സഭയാകുന്ന ദൈവരാജ്യത്തിൽ കടക്കാൻ അയാം വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നു. 2. തൻെറ സ്വന്ത രക്ഷിതാവായി യേശുവിനെ അയാം സ്വീകരിക്കുന്നു.

8. "നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും; പാതാളഗോപുരങ്ങാം അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു". (മത്തായി 16:18).

സഭ പണിതതു ആർ? — 1. ക്രിസ്തു തന്നെ. 2. മാർട്ടിൻലൂഥർ. 3. മററുള്ളവർ.

9. "ക്രിസ്തു, ശരീരത്തിൻെറ രക്ഷിതാവായി സഭെക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യക്കു തലയാകുന്നു" (എഫെസ്യർ 5:23).

രക്ഷിക്കപ്പെടുവാൻ ഒരാം സഭയിൽ അംഗമാകേണമോ? 1. ഇല്ല. 2. ഒരു സഭ മററുള്ളവ പോലെ തന്നെ. 3. ക്രിസ്തു ശരീരത്തിൻെറ രക്ഷിതാവാകയാൽ, ശരീരം എന്നതു സഭയാകയാൽ ഒരാം രക്ഷിക്കപ്പെട്ടു കർത്താവിൻെറ സഭയിൽ അംഗം ആകണം.

മുകളിൽ പ്രതിപാദിച്ച വസ്തുതകാം എല്ലാം നിസാരമായി മനസിലാക്കാവുന്ന സത്യമത്രെ. നിങ്ങാം അവയെ സ്വീകരിക്കുമോ? അവ വിശ്വസിച്ച് അനുസരിക്കുമോ? നിങ്ങാം അങ്ങനെ ചെയ്യുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷയും പ്രാർത്ഥനയും.

# ക്രൂശ് ദിശയെ പ്രദാനം ചെയ്യുന്നു

ജെറി മനാസ്കൊ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ലൂക്കൊസിന്റെ പുസ്തകത്തിൽ ഏതാണ്ട് 33 പ്രാവശ്യം യെരുശലേമിനെ പറ്റി പ്രതിപാദിക്കുന്നുണ്ട്. വിശുദ്ധ നഗരമായിരുന്ന ആ പട്ടണത്തിന്റെ പ്രാധാന്യം എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. ശമര്യക്കാർ യേശുവിനെ തള്ളിക്കളഞ്ഞു. യേശു പലപ്പോഴും യെരുശലേമിനെ നോക്കിയാണ് നടന്നിരുന്നതു. തന്റെ മുഖം യെരുശലേമിന്റെ നേർക്കായിരുന്നു എന്നു വ്യക്തം (ലൂക്കൊസ് 9:53).

തന്നെ തള്ളി പറയുന്നതും ഒററി കൊടുക്കുന്നതും വിചാരണ നടത്തുന്നതും ക്രൂശിൽ തറെക്കുവാൻ ഏല്പിച്ചു കൊടുക്കുന്നതും എല്ലാം യെരുശലേമിൽ ആയിരിക്കുമെന്നു കർത്താവിനു അറിയാമായിരുന്നു. മനുഷ്യരെ വീണ്ടെടുക്കുവാനുള്ള വഴി ക്രൂശ് തന്നെയാണെന്നു അവൻ മനസിലാക്കിയിരുന്നു. അവൻ കഷ്ടത അനുഭവിക്കയും മനുഷ്യരുടെ കയ്യാൽ മരണത്തിനു ഏല്പിക്കപ്പെടുകയും ചെയ്യും എന്നു കർത്താവു പറഞ്ഞപ്പോഴം പന്തിരുവർ ദുഃഖിതരായിരുന്നു. "കർത്താവേ നിനക്ക് അങ്ങനെ ഭവിക്കരുതേ" എന്നു പത്രൊസ് മറുപടി പറഞ്ഞു. ക്രൂശ് വീണ്ടെടുപ്പിന്റെ വഴിയാണെന്നു പത്രൊസിനോ മററു അപ്പൊസ്തലന്മാർക്കോ അന്നു അറിയാമായിരുന്നില്ല (മത്തായി 16:22). വേദനയും കഷ്ടതയും മരണവും കൂടാതെയുള്ള വഴിയായിരിക്കാം പത്രൊസ് ആഗ്രഹിച്ചത്.

സ്വയം ത്യജിച്ച് കഷ്ടത സഹിക്കേണ്ടതിന്റെ ആവശ്യകത ക്രൂശ് എല്ലാ ക്രിസ്ത്യാനികളെയും ഓർപ്പിക്കു

ന്നു (മത്തായി 16:24). യേശുവിന്നു വേണ്ടി കഷ്ടം ഏല്ക്കേണ്ട വഴിയാണ് ക്രിസ്തുവിൻേറത്. ക്രിസ്തുവിൽ ഭക്തിയോടെ ജീവിപ്പാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ഉപദ്രവമുണ്ടാകും എന്നു മുന്നറിയിച്ചിട്ടുണ്ട് (2 തിമൊഥെയൊസ് 3:12). ക്രൂശിൻെറ പാതയിൽ അനുഭവപ്പെടേണ്ടി വരുന്ന കഷ്ടങ്ങളിൽ ഒരിക്കലും ലജ്ജിതരാകരുതെന്നു പൌലൊസ് തിമൊഥെയൊസിനെ പ്രബോധിപ്പിക്കുന്നുണ്ട് (2 തിമൊഥെയൊസ് 1:8). ആ കഷ്ടതക്കു അർത്ഥം നല്കുന്ന ഒന്നാണ് ക്രൂശ്.

## പ്രസംഗത്തിനു ദിശ നല്കുന്ന ഒന്നാണ് ക്രൂശ്

നമ്മുടെ കാലയളവിൽ ഈ ദിശ അനേകർക്കു നഷ്ടമായിരിക്കുന്നു എന്നതിൽ ഞാൻ ഭയപ്പെടുന്നു. ക്രിയാത്മകമായ ഉപദേശത്തെയും പ്രസംഗത്തെയും നിഷേധിക്കുന്ന ഒരാളല്ല ഞാൻ. മാനസിക ശക്തിയേയും ആരോഗ്യത്തെയും കുറിച്ച് പ്രസംഗിക്കുന്നതു അനവസരത്തിലുള്ളതാണ് എന്നു പറയാനും വയ്യ. കാരണം പുതിയ നിയമത്തിൽ മാനസികവും വൈകാരികവുമായ ആരോഗ്യത്തെ എടുത്തു കാണിക്കുന്നതുകൊണ്ട് അവ പ്രസംഗിക്കുക തന്നെ വേണം (മത്തായി 6:24-34, ഫിലിപ്പിയർ 4:6-7). പാപത്തെ ശാസിക്കുന്നതിനു പകരം മനസിലാക്കുവാനുള്ള ഒരു സഹായി എന്ന നിലയിൽ മാത്രം പ്രസംഗം ഒതുങ്ങുമ്പോൾ വ്യഭിചാരം, കുലപാതകം തുടങ്ങിയ കുററകൃത്യങ്ങൾക്കുള്ള ശിക്ഷയെ കാര്യമായി സ്പർശിക്കാതെ വിടുന്നു. അതു നമ്മുടെ സമൂഹത്തിനു ദോഷമേ സംഭവിക്കയുള്ളു.

ക്രിസ്തുവിനെയും അവൻെറ ക്രൂശിനെയും പററി വിവരിക്കുന്നതു മാത്രമല്ല ആത്മീയമായ ചികിത്സ. രാഷ്ട്രീയമോ, സാമൂഹികമോ, സാമ്പത്തികമോ ആയ കാര്യങ്ങളെ പ്രതിപാദിക്കുന്നതുമല്ല.

★

## ഉത്തരങ്ങൾ

1. ദൈവ പുത്രൻ.
2. യേശുവിൻെറ മരണം, അടക്കം, ഉയിർപ്പ്.
3. വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുക.
4. വെള്ളത്തിലുള്ള അടക്കം.
5. സ്നാനത്താൽ.
6. ഒരു പുതിയ സൃഷ്ടി.
7. സഭയാകുന്ന ദൈവരാജ്യത്തിൽ കടക്കാൻ അയാരം വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നു.
8. ക്രിസ്തു തന്നെ.
9. ക്രിസ്തു ശരീരത്തിൻെറ രക്ഷിതാവാകയാൽ, ശരീരം എന്നതു സഭയാകയാൽ ഒരാൾ രക്ഷിക്കപ്പെട്ടു കർത്താവിൻെറ സഭയിൽ അംഗം ആകണം.

★

# സാത്താൻ ആരാണ് ?

റോബർട്ട് എം.

എന്തെരു ചോദ്യത്തിനും ശരിയായ ഉത്തരം കണ്ടെത്തുവാൻ നാം ബൈബിളിനെ ആശ്രയിക്കണം. മനുഷ്യൻെറ ഏററവും വലിയ ശത്രുവാണ് സാത്താൻ. അവൻെറ സൂത്രങ്ങൾ നാം അറിഞ്ഞിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. സൂത്രശാലിയായ പിശാചിൻെറ തന്ത്രപരമായ പ്രവർത്തനങ്ങൾ ആണ് മനുഷ്യരേയും ദൈവത്തേയും തമ്മിൽ ഭിന്നിപ്പിക്കുന്നത് (2 കൊരിന്ത്യർ 2:11; എഫെസ്യർ 6:11-17). കുറച്ചുകൂടെ പറയുകയാണെങ്കിൽ സാത്താൻ നമ്മുടെ വഴി മുടക്കിയാണ്. നമ്മയിലേക്കു തിരിയുന്നവരെ അവൻ തടുക്കും എന്നു അപ്പൊസ്തലനായ

പൌലൊസ് പറയുന്നു (1 തെസലൊനികൃർ 2:18). സാത്താൻ ഒന്നാം നൂററാണ്ടിൽ അപ്പൊസ്തലനായിരുന്ന പൌലൊസിൻെറ സേവനത്തെയും അന്നത്തെ ചില ക്രിസ്ത്യാനികളെയും തടുത്തുവെങ്കിൽ ഇന്നും അവൻ നമ്മുടെ സേവനത്തെയും ദൈവ വചനാനുസരണത്തെയും തടയും എന്നതു സ്പഷ്ടമാണ്.

ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ എല്ലാവരും ആത്മിയ പോരാട്ടത്തിലാണ്. അതുകൊണ്ടു എതിരാളിയെ കുറിച്ച് നാം ബോധമുള്ളവരായിരിക്കണം. പിശാച് അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടു എന്നു നോക്കി അലഞ്ഞു നടക്കുകയാണ് എന്നു പത്രോസ് നമ്മെ മുന്നറിയിക്കുന്നുണ്ട് (1 പത്രൊസ് 5:8). സാത്താനെ കുറിച്ചു വെളിപ്പെടുത്തിയിട്ടുള്ള ചില യാഥാർത്ഥ്യങ്ങളെ നമുക്കു ശ്രദ്ധിക്കാം.

പല പേരുകളാൽ സാത്താൻ അറിയപ്പെടുന്നുണ്ട്. അവനെ സാത്താൻ എന്നു വിളിച്ചിട്ടുണ്ട് (ഇയ്യോബ് 1:6; 1 ദിനവൃത്താന്തം 21:1; സെഖര്യാവ് 3;1; ലൂക്കൊസ് 22:31). പിശാച് (മത്തായി 13:39). യോഹന്നാൻ വിവരിച്ചിരിക്കുന്നത് ഈ ലോകത്തിൻെറ പ്രഭുവായിട്ടാണ് (യോഹന്നാൻ 12:31; 14:30; 16:11). ഈ ലോകത്തിൻെറ ദൈവം ആയിട്ട് പൌലൊസ് ചിത്രീകരിക്കുന്നു (2 കൊരിന്ത്യർ 4:4). മത്തായിയുടെ വിവരണത്തിൽ പറഞ്ഞിരിക്കുന്നതു ദുഷ്ടൻ എന്നാണ് (മത്തായി 13:39). ഭോഷ്കു പറയുന്നവനും അവൻെറ അപ്പനും ആകുന്നു എന്നു കർത്താവു പറഞ്ഞിരിക്കുന്നു (യോഹന്നാൻ 8:44). കുററാരോപണം നടത്തുന്നവനാണ് പിശാച് (ഇയ്യോബ് 1:6-7;9-12; വെളിപ്പാട് 12:10).

ആളുകളെ ദൈവത്തിൽ നിന്നു പിന്തിരിക്കുവാൻ പിശാച് പ്രവർത്തിക്കുന്നുണ്ട്. അവൻ ഇതു നേരിട്ടു പ്രവർത്തിക്കുകയല്ല. പരോക്ഷമായി പ്രവർത്തിക്കും. ആദ്യം പരീക്ഷണമായി നമ്മിൽ പാപം ചെയ്യുവാനുള്ള അവസരം

ഒരുക്കും. പിന്നീട് ആ മോഹത്തിനു നാം ഇരയായി തീരുന്നു (1 യോഹന്നാൻ 2:15-17). നമുക്കു നേരിടുന്ന പരീക്ഷണത്തെ മൂന്നായി തരം തിരിച്ച് പ്രസ്താവിച്ചിട്ടുണ്ട്. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയാണവ. പരീക്ഷണങ്ങളും പരിശോധനകളും വരുമ്പോൾ നാം ഓർത്തിരിക്കേണ്ട കാര്യം, ദൈവം ദോഷങ്ങളാൽ പരീക്ഷിക്കുന്നവനല്ല എന്നതാണ്. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു. എന്റെ പ്രിയ സഹോദരന്മാരേ, വഞ്ചിക്കപ്പെടരുത് (യാക്കോബ് 1:13-16).

ആത്മീയമായി സാത്താൻ നമ്മെ അന്ധരാക്കി മാററും എന്നു പൌലൊസ് പറഞ്ഞിട്ടുണ്ട്. 'ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസു കുരുടാക്കി (2 കൊരിന്ത്യർ 4:4). സാത്താൻ നേരിട്ടു വന്നു നമ്മുടെ കാഴ്ച്ച ഇല്ലാതാക്കുകയല്ല ചെയ്യുന്നതു. പിന്നെയോ നമ്മുടെ കാഴ്ച്ച ശരിയായതിൽ നിന്നു മററൊന്നിലേക്കു തിരിച്ചു വിടുന്നു. അപ്പോൾ നാം കാണേണ്ടതു കാണുന്നില്ല. ഇന്നു ഭൂരിഭാഗം പേർ ആത്മീയ കാഴ്ച്ച നഷ്ടപ്പെട്ടവരാണ്. പിശാച്, താല്ക്കാലികമായ ആകർഷണ വലയത്തിൽ കുടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ നിത്യമായ നമ്മുടെ ഭാഗ്യം അവൻ ഇല്ലാതാക്കുന്നു. ലോകപ്രകാരമുള്ള ജീവിത സുഖത്തിലേക്കു നമ്മുടെ ശ്രദ്ധയും കരുതലും മാറുമ്പോൾ ആത്മീയമായി നാം ചിന്തിക്കാതിരിക്കും. അവിടെയാണ് പിശാച് വിജയിക്കയും മനുഷ്യർ പരാജയപ്പെടുകയും ചെയ്യുന്നത്.

ദുരുപദേശങ്ങൾ, മാനുഷികമായ ഉപദേശങ്ങൾ, അനാചാരങ്ങൾ, ദൈവ നിയമത്തിനു വിരുദ്ധമായ പ്രവണ

തകാം എന്നിവയെല്ലാം സാത്താന്റെ തന്ത്രങ്ങളാണ്. ശരിയായ സത്യത്തെ അല്പമൊന്നു മാററിയാൽ ആരും അത്ര കാര്യമാക്കുകയില്ല എന്നതാകാം അവൻ ചിന്തിക്കുന്നത് മനുഷ്യർ അതു അങ്ങനെ വിശ്വസിച്ചു കൈക്കൊള്ളും എന്നു പിശാചിനറിയാം. മനുഷ്യരെ തെററിക്കുവാൻ പിശാച് തന്റെ എല്ലാ സൂത്ര വഴികളും ഉപയോഗിക്കും. സഹോദരങ്ങളെ തമ്മിൽ ഭിന്നിപ്പുണ്ടാക്കി അവരെ ദൈവത്തിൽ നിന്നകററും. ബന്ധുക്കളിലും കുടുംബാംഗങ്ങളിലും ദൈവ വചനം അനുസരിക്കാതിരിക്കുന്നവരിൽ അവൻ പ്രവേശിച്ച് ദൈവ മക്കളെ പ്രലോഭിപ്പിച്ച് പിന്തിരിപ്പിക്കും. അതു തിരിച്ചറിയുവാനുള്ള പരിജ്ഞാനം നമ്മിൽ വേണം. ബലഹീനരുടെ ബലഹീനത അവൻ ചൂഷണം ചെയ്യും.

സാത്താൻ കുലപാതകനും ദോഷക്കു പ്രചരിപ്പിക്കുന്നവനുമാണ്. ലോകത്തിൽ പാപവും പാപത്താൽ മരണവും കടത്തി വിട്ടതു അവനാണ്. വഞ്ചനയിലൂടെ ആദാമിനെ മരണത്തിനിരയാക്കിയതാണ്. ചോദ്യങ്ങൾ ചോദിച്ചു ദുരൂഹത സൃഷ്ടിച്ചു ആളുകളെ വഞ്ചിക്കുകയാണ് സാത്താൻ. വിശ്വാസക്കുറവുള്ളവരുടെ ഹൃദയത്തിൽ സംശയം ചെലുത്തുകയും അവരെ അവിശ്വാസത്തിലേക്കു മാററുകയും ചെയ്യും. അതുകൊണ്ടു നാം ഉണർന്നിരിക്കണം. സാത്താൻ നോക്കുന്നതു മനുഷ്യന്റെ ആത്മാവിനെയാണ്. പ്രപഞ്ച വസ്തുക്കളെ കാണിച്ച് മോഹിപ്പിച്ച് വിലയേറിയ ആത്മാവിനെ അവൻ നശിപ്പിക്കുന്നു. സർവ്വലോകത്തെക്കാളും വിലയുള്ളതാണ് നമ്മുടെ ആത്മാവിന്. ആ ഒരു ആത്മീയ പരിജ്ഞാനം നമ്മിൽ നിലനിർത്തണം.

ഈ ആത്മീയ യുദ്ധത്തിൽ നാം എടുക്കേണ്ട ആയുധം ശാരീരികമോ ലൗകികമോ ആകരുത്. കാരണം നമ്മുടെ പോരാട്ടം ജഡ രക്തങ്ങളോടല്ല. ദുഷ്ടാത്മസേനയോടാണ്.

★

# വാർത്തകൾ

## ബാങ്കുകളുടെ കിട്ടാക്കടം: നിയമ വ്യവസ്ഥയിൽ മാറ്റം വേണം

ബാങ്കുകളുടെ കിട്ടാക്കടം വർദ്ധിച്ചു വരുന്നതിൻെറ പ്രധാന കാരണം രാജ്യത്തെ നിയമവ്യവസ്ഥയിലെ നൂലാമാലകളാണെന്നു റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റീജനൽ ഡയറക്ടർ എം. യേശുദാസൻ പറഞ്ഞു. കോടതിക്കു പുറത്ത് ഇത്തരം കേസുകൾ തീർപ്പു കൽപ്പിക്കുന്ന സംവിധാനം ഉണ്ടാക്കിയാലേ ബാങ്കുകളുടെ എൻ. പി. എ. നിരക്ക് കുറയ്ക്കാൻ കഴിയൂ.

കോട്ടയത്ത് സൗത്ത് ഇന്ത്യൻ ബാങ്കിൻെറ ഒൻപതാമത് റീജനൽ ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സൗത്ത് ഇന്ത്യൻ ബാങ്കിൻെറ ബോർഡിൽനിന്നും റിസർവ് ബാങ്ക് നോമിനിയെ പിൻവലിച്ചതു ബാങ്കിൻെറ മികച്ച പ്രകടനവും ശക്തവുമായ അടിത്തറയും ആർ.ബി.ഐയ്ക്കു ബോധ്യമായതുകൊണ്ടാണെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്രീകൃത കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്ന കേരളത്തിലെ ആദ്യത്തെ ബാങ്കാണ് സൗത്ത് ഇന്ത്യൻ ബാങ്ക് എന്നു ചെയർമാൻ എ. സേതുമാധവൻ പറഞ്ഞു.

ഇടപാടുകാർക്കു മെച്ചപ്പെട്ട സേവനം നൽകുന്ന കാര്യത്തിൽ ആരോഗ്യകരമായ മൽസരം ബാങ്കിങ് മേഖലയിൽ ആവശ്യമാണ്. നല്ല സേവനം ലഭ്യമാക്കാതെ സാങ്കേതികമികവുകൊണ്ടു മാത്രം പുരോഗതി കൈവരിക്കാനാവില്ല. അടുത്ത സാമ്പത്തിക വർഷം ബാങ്കിൻെറ മൊത്തം ബിസിനസ് 10000 കോടിയാകുമെന്നാണ് പ്രതീക്ഷയെന്നും സേതുമാധവൻ പറഞ്ഞു.

# അപ്പോളോ ടയേഴ്സിന് 230 കോടിയുടെ വികസന പദ്ധതി

അപ്പോളോ ടയേഴ്സ് കേരളത്തിലെ രണ്ട് യൂണിററുകളിൽ മൊത്തം 230 കോടി രൂപയുടെ വികസന പദ്ധതി നടപ്പാക്കുന്നു. പേരാമ്പ്ര യൂണിററിൽ 150 കോടി രൂപ മുതൽ മുടക്കി റേഡിയൽ ടയർ പ്ലാൻറ് നവീകരിക്കും. ഇതോടെ ഉത്പാദനശേഷി 132 ടണ്ണിൽ നിന്ന് 150 ടണ്ണാകും.

കളമശേരിയിൽ ഉത്പാദനശേഷി 60 ടണ്ണിൽ നിന്ന് 100 ടണ്ണാക്കുന്നതിന് 80 കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നതെന്ന് അപ്പോളോ ടയേഴ്സ് വൈസ് പ്രസിഡൻറ് എൻ. ശ്രീകുമാർ പറഞ്ഞു.

കമ്പനി ഏറെറടുത്തതിനു ശേഷം പ്രീമിയർ ടയേഴ്സിൻെറ നഷ്ടം 45 കോടി രൂപയിൽ നിന്ന് ഏഴു കോടി രൂപയായി കുറഞ്ഞു. കമ്പനിയിൽ അപ്പോളോയ്ക്ക് 75% ഓഹരി പങ്കാളിത്വമുണ്ട്. കമ്പനി നടപ്പാക്കുന്ന സ്വയം വിരമിക്കാൻ പദ്ധതിക്ക് ജീവനക്കാരിൽ നിന്ന് നല്ല പ്രതികരണം ലഭിക്കുന്നുണ്ടെന്ന് ശ്രീകുമാർ വ്യക്തമാക്കി. മാനേജ്മെൻറ് തലത്തിൽ മൊത്തം 125ഓളം പേർ പദ്ധതി സ്വീകരിച്ചു.

പേരാമ്പ്ര യൂണിററിൽ നിന്ന് 400 ജോലിക്കാർ ഇതനുസരിച്ച് വിരമിച്ചു. 1700 ജീവനക്കാരുള്ള യൂണിററിൽ നിന്ന് 300 പേർ കൂടി പിരിഞ്ഞു പോകുമെന്നു പ്രതീക്ഷിക്കുന്നു. പ്രീമിയറിൽ നിന്ന് 200 പേരും വിരമിക്കും സ്വയം വിരമിക്കൽ പദ്ധതിയനുസരിച്ച് ജീവനക്കാർക്ക് നാലര ലക്ഷം മുതൽ ആറ് ലക്ഷം രൂപ വരെ ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്.

# കേരളത്തെ 'കണ്ടറിയാൻ' ആനപ്പുറത്തേറി കരോലിൻ

ചരിത്രമുറങ്ങുന്ന കാപ്പാട് കടൽത്തീരം. അഞ്ഞൂറു വർഷം മുമ്പ് ഭാരതത്തോട് ഏററുമുട്ടാൻവന്ന വിദേശിയായ വാസ്കോഡഗാമയുടെ പടപ്പുറപ്പാടിന് തുടക്കംകുറിച്ച മണ്ണ്. അതേമണ്ണിൽ നിന്നുതന്നെ ഭാരതത്തെ ഏററുവാങ്ങാൻ വന്ന മററൊരു വിദേശി യുവതിയുടെ പുറപ്പാടിനും ഇന്നലെ തുടക്കമായി.

യൂറോപ്യൻ മേഖലയിൽ ഭാരതത്തിനു പുതിയ ബോധവും മാനവും നൽകാനും സന്നദ്ധസേവന പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിക്കാനുമുള്ള ഐറിഷുകാരിയായ കരോലിൻ കേസിയുടെ (29) ഈ ചരിത്രദൗത്യത്തിനു നാട്ടുകാരും അറബിക്കടലും സാക്ഷികളായി.

കേരളത്തിന്റെയും സഹ്യപർവ്വതത്തിന്റെയും ആത്മാവിലൂടെ ആനപ്പുറത്തേറിയുള്ള ഒരു സഹയാത്രയാണ് കരോലിന്റെ ദൗത്യം. അതിൽ പങ്കാളിയാകുന്നത് 20 വയസ്സുകാരിയായ 'ഭദ്ര' ഏതാനും വർഷം മുമ്പ് ഹിമാചൽ പ്രദേശിൽനിന്നു കൊണ്ടുവന്ന പിടിയാനയാണ് ഭദ്ര. കരോലിൻ ഭദ്രയുമായി നല്ല ചങ്ങാത്തത്തിലായി കഴിഞ്ഞു.

ഭാഗികമായി അന്ധയായ കരോലിൻ നിയമത്തിന്റെ നിർവചനമനുസരിച്ച് അന്ധയാണ്. ഡ്രൈവിങ് ലൈസൻസിന് അർഹതയില്ല. ദൂരക്കാഴ്ചകളുടെ അനുഭൂതി മനസ്സിലാവില്ല. എന്നിട്ടും കേരളത്തെയും സഹ്യനെയും കണ്ടറിയാനുള്ള വെമ്പലിലാണ് സാഹസികതയുടെ പര്യായമാവാൻ തുനിഞ്ഞത്.

# കച്ചോലക്കൃഷിയിലൂടെ മെച്ചപ്പെട്ട ആദായം

ഔഷധഗുണമുള്ള സുഗന്ധവിളയാണ് കച്ചോലം. ഇതിന്റെ കിഴങ്ങാണ് സാമ്പത്തിക പ്രാധാന്യമുള്ള, ഉപയോഗപ്രദമായ ഭാഗം. കിഴങ്ങുവിളകളിൽ ഇത്രയും വിലയുള്ള മറ്റൊന്നില്ലെന്നും പറയാം.

കേരളത്തിലെ കാലാവസ്ഥ കച്ചോലക്കൃഷിക്ക് ഏററവും അനുയോജ്യം തന്നെ. ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ കുടുംബത്തിൽപ്പെട്ട കച്ചോലം കൃഷിരീതികളിലും സമാനസ്വഭാവമുള്ളതാണ്. കിഴങ്ങ് നടീൽവസ്തുവാക്കി കൃഷിനടത്താം. തനിവിളയായോ ഇടവിളയായോ കച്ചോലം കൃഷി ചെയ്യാം. കേരളത്തിൽ തെങ്ങിൻതോപ്പുകളിൽ ഇടവിളയായി കൃഷിചെയ്യുന്നതാണ് ഉത്തമം. അധികാദായം തരുന്നത് ഇന്നത്തെ സാഹചര്യങ്ങളിൽ ആകർഷകം തന്നെ.

കാലവർഷത്തിനു മുൻപ്, വേനൽമഴ ലഭിക്കുന്നതോടെ കച്ചോലം നടണം. ഇതിനായി മാർച്ച്, ഏപ്രിൽ മാസങ്ങളിൽ മണ്ണു കിളച്ചൊരുക്കണം. വളക്കൂറുള്ളതും നീർവാർച്ചാ സാധ്യതയുള്ളതുമായ മണ്ണ് കച്ചോലക്കൃഷിയിൽ കനത്ത വിളവിനു പററിയതാണ്. മണ്ണിന്റെ ജൈവാംശം കുറവുണ്ടെങ്കിൽ ജൈവവളങ്ങളിട്ട് അതു പരിഹരിക്കാം.

വാരംകോരി കുഴിയെടുത്തുവേണം കച്ചോലം നടാൻ. ഒന്നുമുതൽ രണ്ടുവരെ മീററർ വീതിയിൽ 25 സെ. മീ. ഉയരത്തിൽ സൗകര്യമായ നീളത്തിൽ വാരങ്ങളെടുക്കണം. അടുത്തുള്ള രണ്ടു വാരങ്ങൾ തമ്മിൽ 40 സെ. മീ. അകലം വേണം.

*

# ക്രിസ്തുവിന്റെ മാതൃക

**ജോൺ. ജി.**

കീഴ്പ്പെടുന്ന മനോഭാവം ഇന്നു സമൂഹത്തിൽ പൊതുവേ അംഗീകരിക്കപ്പെടാതിരിക്കുന്ന ഒരു ഗുണമാണെന്നു പറയാം. കഴിവില്ലായ്മ, ബലഹീനത എന്നൊക്കെ ഇതിനെ ആളുകൾ വിലയിരുത്താറുണ്ട്. അപമാനവും നഷ്ടവും എല്ലാം ഇതിന്റെ ഫലമായി ഉണ്ടാകാം. ശക്തിക്കും ശ്രേഷ്ഠക്കുമാണ് സമൂഹം ഊന്നൽ കൊടുക്കുന്നത്; താഴ്മ ധരിക്കുന്നതിനല്ല. സമൂഹത്തിൽ മാന്യന്മാരായവർ സ്വയം ഒന്നും നഷ്ടപ്പെടുത്താതെ ശക്തിയും അധികാരവും ഉപയോഗിച്ച് കാര്യം സാധിക്കുന്നു. വേറൊരു രീതിയിൽ പറഞ്ഞാൽ കീഴ്പ്പെടുന്നതിനു പകരം അവർ മറ്റുള്ളവരെ കീഴ്പ്പെടുത്തുകയാണ് ചെയ്യുന്നത്.

എങ്ങനെയായാലും കീഴ്പ്പെടൽ ഒരു പരാജയമായി തോന്നേണ്ട ആവശ്യമില്ല. കീഴ്പ്പെടൽ ബലഹീനതയായി തെറ്റിദ്ധരിക്കേണ്ടതുമില്ല. അതു മറ്റുള്ളവർക്കു നമ്മെ ചവിട്ടിമെതിക്കാൻ നാം അനുവദിക്കയാണ് എന്നും തോന്നരുത്. ശക്തനായ ഒരാൾക്കു വിനയപൂർവ്വം ജീവിക്കാൻ കഴിയും. കീഴ്പ്പെടുന്നതിനുള്ള ഏറ്റവും വലിയ ഉദാഹരണം നമുക്കു യേശുക്രിസ്തുവിൽ കണ്ടെത്താൻ കഴിയും. ഈ ലോകത്തിന്റെ തന്നെ പരമാധികാരിയും സർവ്വത്തിന്റേയും സൃഷ്ടിതാവുമായ യേശുവിന്റെ മനോഭാവം വിനയത്തോടുകൂടിയുള്ളതായിരുന്നു. അവൻ ഈ ഭൂമിയിൽ ജീവിച്ചിരുന്ന സമയത്തൊക്കെയും അതു പ്രാവർത്തികമാക്കിയിരുന്നു.

## ക്രിസ്തുവിന്റെ കഷ്ടത

മറ്റുള്ളവരിൽ നിന്നു നമുക്കു കഷ്ടതയും വേദനയും ഉണ്ടാകുമ്പോൾ നാം ഓർക്കേണ്ടതു നമുക്കു വേണ്ടി

ഒരു മാതൃക വിട്ടേച്ചുപോയ ക്രിസ്തുവിനെയാണ്. സഹിഷ്ണുത എന്ന മനോഗുണം നാം അവനിൽ നിന്നു പഠിക്കണം. പാപം ചെയ്യാതെ ജീവിച്ച യേശുവിന്റെ വായിൽ നിന്നു ഒരു വഞ്ചനപോലും വന്നിരുന്നില്ല (1 പത്രൊസ് 2:21-25). നാം കുററം ചെയ്യാതെ കഷ്ടം സഹിക്കുകയാണെങ്കിൽ നമ്മുടെ ഭാഗത്തു ദൈവം ഉണ്ടാകും. നീതിക്കു വേണ്ടി ഉപദ്രവം സഹിച്ചാൽ നാം ഭാഗ്യവാന്മാർ എന്നു വിളിക്കപ്പെടും. അഥവാ ദൈവം നമ്മെ അംഗീകരിക്കും. ക്രിസ്തുയേശുവിന്റെ നാമം ധരിച്ചിട്ടു നാം കഷ്ടം ഏല്ക്കേണ്ടിവന്നാൽ ലജ്ജിക്കരുത്. ആ നാമം ധരിച്ചിട്ടു നാം സന്തോഷിക്കയത്രെ വേണ്ടത്. ക്രിസ്തുവിന്റെ കഷ്ടത്തിൽ നാം പങ്കുകാരാകുന്തോറും നാം സന്തോഷിക്കയാണ് വേണ്ടത്. ഒരിക്കലും നാം നിരാശപ്പെടുകയല്ല വേണ്ടത് (1 പത്രൊസ് 4:13-14). ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാൽ നാം ഒരിക്കലും ലജ്ജിക്കരുത്. നാം ദൈവത്തെ മഹത്വപ്പെടുത്തുകയാണ് വേണ്ടത്.

നാം കർത്താവിന്റെ കാൽപാടുകളെ പിൻപറേറണ്ടതിനാണ് അവൻ നമുക്ക് ഒരു മാതൃക വിട്ടേച്ചു പോയതു: അനീതി പ്രവർത്തിക്കുന്നവരിൽ നിന്നു നീതിമാൻമാർക്കു നേരിടുന്ന ഉപദ്രവം നാം നീതിയോടെ നേരിടണം. അതിനു നമുക്ക് സഹന ശക്തിവേണം. ആ ഉദ്ദേശം നിറവേററുവാനായി യേശു നമുക്കു മാതൃക തന്നിട്ടുണ്ട്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന മാതൃക എന്ന പദം വളരെ ലളിതമാണ്. ഒരു ബാലൻ പകർത്തെഴുത്തു നടത്താറുണ്ട്. മറെറാന്നു നോക്കി അതുപോലെ എഴുതി പഠിക്കുകയാണ് കുട്ടികൾ ചെയ്യുന്നത്. അതുപോലെ തന്നെ ക്രിസ്തു നമുക്കു ജീവിതത്തിൽ അനുകരിക്കാനായി തന്നിരിക്കുന്ന മാതൃക അതേപോലെ പിൻപററണം. (1 പത്രൊസ് 2:21). ക്രിസ്തീയ ജീവിത പാതയിൽ നാം നമ്മുടെ പെരുമാററ

വും, മനോഗുണവും യേശുവിന്റേതായി അടുക്കുന്നുണ്ടോ ? നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

നാം പിൻപറ്റേണ്ടതിനു തന്നിരിക്കുന്ന മാതൃക അവന്റെ കാൽപാടുകളാണ്. അവൻ നടന്നതുപോലെ നാം നടക്കണം. കൊച്ചുകുട്ടികൾ നടക്കുമ്പോൾ അപ്പന്റെയും അമ്മയുടേയും കാലടി നോക്കി നടക്കുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലോ. തെളിഞ്ഞു കാണുന്ന ക്രിസ്തുവിന്റെ കാലടികളെ നോക്കി നടന്നാൽ നാം തെറ്റുകയില്ല. അവൻ നടന്ന പാതയിലൂടെയാണ് നാം സഞ്ചരിക്കേണ്ടത്. പലരും ജീവിതത്തിൽ ഇടറി വീഴുന്നതു അവർ പാത തെറ്റി നടക്കുന്നതുകൊണ്ടാണ്. കർത്താവിന്റെ അനുഭവത്തെ അവൻ നേരിട്ടതു നാം ശ്രദ്ധിക്കണം. തനിക്കു കഷ്ടം നേരിട്ടപ്പോൾ യേശു എന്താണ് ചെയ്തതു ? അവൻ തിന്മയെ നന്മകൊണ്ടു നേരിട്ടു. ചിന്തയിലോ സ്വഭാവത്തിലോ പ്രവൃത്തിയിലോ അവനിൽ യാതൊരു തെറ്റും സംഭവിച്ചിരുന്നില്ല.

ക്രിസ്തുവിനെ നിന്ദിച്ചപ്പോൾ, ശകാരിച്ചപ്പോൾ, പരിഹസിച്ചപ്പോൾ, ശാരീരികമായി ഉപദ്രവിച്ചപ്പോൾ എല്ലാം അവൻ ശാന്തനായി കീഴ്പ്പെട്ടിരുന്നു. അവൻ പാപം ചെയ്തില്ല; അവന്റെ വായിൽ നിന്നു വഞ്ചനയൊന്നും പുറപ്പെട്ടില്ല. എല്ലാം സഹിച്ച് ദൈവത്തിൽ ഭരമേല്പിക്കയായിരുന്നു അവൻ. മറ്റുള്ളവർ ശകാരിക്കുമ്പോൾ തിരിച്ചുശകാരിക്കാതിരിക്കയോ ഭീഷണി പറയാതിരിക്കയോ ചെയ്യുന്ന മനോഭാവം അനുകരിക്കത്തക്കതാണ്. ഒടുവിൽ അവർക്കു വേണ്ടി പ്രാർത്ഥിക്കുക കൂടെ ചെയ്യുന്നുണ്ട്.

ഇന്നു നമുക്കു ചുറ്റും കാണപ്പെടുന്ന സ്വഭാവവും യേശുവിന്റേതുമായി താരതമ്യം ചെയ്താൽ എത്ര വ്യത്യാസത്തിലാണ് നമുക്കു ദർശിക്കാൻ കഴിയുന്നതു എന്നോർക്കുക. ശകാരത്തിനും ദേഷ്യപ്പെടലിനും കിട്ടുന്ന പ്രതികരണം വിചിത്രമായിരിക്കും. അക്രമത്തെയും

ഭീഷണിയെയും ശാന്തമായിട്ടാണ് യേശുക്രിസ്തു അഭിമുഖീകരിച്ചത്. പ്രകോപനം തീരെയില്ലാത്ത സംയമനം പാലിച്ചവനായിരുന്നു കർത്താവ്. അറുക്കുവാൻ കൊണ്ടുപോകുന്ന ഒരാടിനെ പോലെ വായ് തുറക്കാതെ മൗനമായിട്ടാണ്, അവനെ ക്രൂശിക്കാൻ കൊണ്ടുപോയപ്പോഴം യേശു പോയത്. അതിന്റെയർത്ഥം അക്രമത്തെ ചെറുക്കരുതു എന്നല്ല, പക്ഷെ അതു താഴ്മയോടെയാണ്. പ്രതികാരം നമുക്കുള്ളതല്ല, യേശുക്രിസ്തു കാണിച്ചു തന്ന മാതൃകയാണ് നാം അനുവർത്തിക്കേണ്ടത്.

## ക്രിസ്തുവിന്റെ കഷ്ടതയുടെ ഉദ്ദേശം

നമുക്കു അനുകരിക്കാവുന്ന ഒരു പെരുമാററമാണ് ഇത്തരം സന്ദർഭങ്ങളിൽ ഉണ്ടാകേണ്ടതെന്ന ഒരു നല്ല ബന്ധത്തെ പത്രൊസ് വ്യക്തമാക്കുന്നുണ്ട്. അതിൽ കൂടുതൽ അവന്റെ കഷ്ടത നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ എല്ലാവരുടേയും പ്രയോജനത്തിനു വേണ്ടിയാണ് ക്രിസ്തു കഷ്ടമനുഭവിച്ചതെന്നു പത്രൊസ് പ്രസ്താവിച്ചിട്ടുണ്ട്. അവൻ നമ്മുടെ പാപങ്ങളെ ചുമന്നു; അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം കിട്ടി.

യേശുവിന്റെ ക്രൂശിലെ മരണം നമുക്കു വേണ്ടിയുള്ള യാഗമായിരുന്നു. പാപ പരിഹാര യാഗമായിട്ടാണ് അതു തീർന്നതു, യെശയ്യാ പ്രവാചകന്റെ പ്രവചനമാണ് പത്രൊസ് ഉദ്ധരിച്ചത് (യെശയ്യാവ് 55:5). പാപക്ഷമാപണം എല്ലവർക്കും ലഭ്യമാകേണ്ടതിനാണ് മനുഷ്യപുത്രനായിരുന്ന ക്രിസ്തു ഉപദ്രവം സഹിച്ചത്. അതിന്റെ ഫലം നമുക്കെങ്ങനെ കിട്ടുന്നു എന്നു നാം അറിയണം. പാപ സംബന്ധമായി മരിച്ചാൽ നീതി സംബന്ധമായി ജീവിക്കാം (റോമർ 6:2-4).

★

# ആശ്രയിക്കാൻ ഒരാൾ

## ബാറ്റ്സെൽ. ബി ബി

യുവാക്കളോട് പ്രത്യേകിച്ച് വിദ്യാർത്ഥികളോട് മുൻപ് ചോദിക്കപ്പെട്ടിട്ടുള്ള നിരവധി ചോദ്യങ്ങൾ ഉണ്ട്. അവയിൽ ഒന്നു, അടിസ്ഥാനപരമായി ജീവിതത്തോട് നിങ്ങൾക്കുള്ള തോന്നൽ എന്താണ് എന്നത്രേ. ഏതാണ്ടു അറുപതു ശതമാനത്തോളം പേർ അവരുടെ ഉത്തരത്തിൽ യോജിക്കയുണ്ടായി "ഭയം". അതായിരുന്നു അവർക്കുണ്ടായിരുന്നത്. നിരാശ്രയരും ആകാംഷയുള്ളവരുമായി അവർ തീരുവാൻ കാരണമെന്തെന്നു പരിശോധിച്ചാൽ അവരുടെ ഉത്തരത്തിനു കാരണം കണ്ടെത്താം. ഇന്നത്തെ യുവാക്കളിൽ ഉത്ക്കണ്ഠയാണ് അവരെ വേട്ടയാടുന്നത്. അതിനാൽ അവർ ഭയചകിതരായി മാറുന്നു. ഇതിനു എന്താണ് ഒരു പരിഹാരമാർഗ്ഗം ?

നമ്മുടെ കണ്ണുനീരിനു പ്രാധാന്യമർഹിക്കുന്ന കാരണങ്ങൾ ഉണ്ട് എന്നതിനു തർക്കമില്ല. പ്രകൃതിയുടെ സമ്മർദ്ദത്താൽ ഉണ്ടാകുന്ന ഫലം വിഭിന്ന രൂപത്തിൽ നാം അനുഭവിക്കാറുണ്ട്. ചുഴലിക്കാററ്, ഭൂചലനം, പേമാരി, കാട്ടു തീ എന്നിവ മൃഗങ്ങളെയും മനുഷ്യരെയും പ്രകൃതിയെയും അത്യു പ്രതികൂലമായി ബാധിക്കും. ആകാശത്തു പറന്നു പോകുന്ന പ്ലെയിനിൽ യാത്ര ചെയ്യുന്നവരും കടലിൽ, കരയിൽ വലിയ വാഹനങ്ങളിൽ വലിയ വലിയ പദ്ധതികളും സ്വപ്നങ്ങളുമായി സഞ്ചരിക്കുന്ന മനുഷ്യർ നിമിഷങ്ങൾക്കകം ഇല്ലാതാകുന്നു. അപ്പോൾ പിന്നെ ഭയപ്പെടാതെ എന്തു ചെയ്യും ?

ഈ ഭയം നിമിത്തമാണ് അത്യാഹിത സന്ദർഭങ്ങളെ അതിജീവിക്കുവാൻ മനുഷ്യർ പല കണ്ടു പിടുത്തങ്ങളും നടത്തുന്നത്. നഷ്ട പരിഹാരത്തിനായി ഇൻഷുറൻസ് പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ എല്ലാം ഇൻ

ഷ്യർ ചെയ്യുന്ന രീതി കണ്ടു വരുന്നുണ്ട്. എങ്കിലും ഇതി നോടെല്ലാം നാം പോരാടികൊണ്ടിരിക്കയാണ്. പ്രായമാകുന്നവർ മരണത്തോടു മല്ലിടുന്നു. മരണം സംഭവിച്ചാൽ അതു മററുളളവർക്കു പ്രയോജനം കിട്ടുവാനും വഴി ഒരുക്കുന്നുണ്ട്. ഏതൊരു അത്യാഹിതത്തെയും നേരിടുവാൻ എല്ലാവരും ഓരോ വഴി കണ്ടെത്തുന്നുണ്ട്. പക്ഷെ ഈ പോരാട്ടത്തിൽ മനുഷ്യർ എല്ലാവരും പരാജയം അടയുകയാണ് ചെയ്യുന്നത്. ഈ മുൻ കരുതലുകൾ വിരൂരമെന്നോ അനാവശ്യമെന്നോ അല്ല ഞാൻ പറയുന്നത്. മറിച്ച് അതു പോരാ എന്നാണ്. അവസാനം അവയൊന്നും നമ്മെ സംരക്ഷിക്കയില്ല എന്നതാണ് വാസ്തവം. എന്നാൽ അതിൻ വളരെ കൂടുതൽ ആവശ്യമാണ്.

## നിയന്ത്രിക്കുന്നതു ദൈവം

നാം ജീവിതത്തെ കുറിച്ചും പൊതുവായി പറഞ്ഞാൽ ലോകത്തെ കുറിച്ചും ഉള്ള നമ്മുടെ കാഴ്ച്ചപ്പാട് ദീശാബോധമുള്ളതാകണം. നമ്മുടെ ലോകത്തെ എന്താണ് അഥവാ ആരാണ് നിയന്ത്രിക്കുന്നത് ? നമ്മെ സ്നേഹിക്കുന്ന കരുതലുള്ള ഒരു പിതാവിൻെറ നിയന്ത്രണം ലോകത്തിലില്ലേ ? ഇല്ലെങ്കിൽ യാദൃശ്ചികമായി ഓരോന്നും സംഭവിക്കയായിരിക്കണം എന്നു ചിന്തിക്കാൻ സാമാന്യ ബോധമുള്ള ആർക്കും കഴിയുകയില്ല. വ്യക്തിത്വമില്ലാത്ത ഏതോ പ്രകൃതിദത്തമായ ശക്തിയാൽ ഇതൊക്കെ സംഭവിക്കുന്നു എന്നാണ് കമ്മ്യൂണിസ്റ്റുകാരുടെ വിശ്വാസം. പക്ഷെ അതിനൊന്നും തെളിവില്ലല്ലോ. മറിച്ച് ദൈവമുണ്ടെന്നുള്ളതിനു അവൻെറ ശക്തമായ പ്രവർത്തനങ്ങളെ നോക്കി നമുക്കു ഉറപ്പിക്കാം. അന്ധമായി നാം ദൈവത്തെ വിശ്വസിക്കാൻ ആവശ്യപ്പെടുകയല്ല, പിന്നെയോ ആത്യന്തികമായ വ്യക്തിത്വത്തിനുടമയായ ദൈവത്തെ കാര്യകാരണ സഹിതം മനസിലാക്കി വിശ്വസിക്കുക. ''മനസലിവുള്ള പിതാവും സർവ്വാശ്വാസവും നല്കുന്ന ദൈവവുമാ

യി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ (2 കൊരിന്ത്യർ 1:3).

നമ്മുടെ വേദനയിൽ, ദുഃഖത്തിൽ നമ്മെ പൂർണ്ണമായി ആശ്വസിപ്പിക്കുന്നവൻ ദൈവം തന്നെ. അപ്പൊസ്തലനായിരുന്ന പൌലൊസ് അതിധൈര്യത്തോടെ തന്റെ അനുഭവത്തിലൂടെ വെളിപ്പെടുത്തുന്ന സത്യമാണിത്. പട്ടിണി, കൊടുങ്കാറ്റ്, ഉപദ്രവം, തടവ് എന്നിങ്ങനെ അസംഖ്യം കഷ്ടതകൾ നേരിട്ടവനായിരുന്നു പൌലൊസ്. പക്ഷെ പൌലൊസിനു സംശയമുണ്ടായിരുന്നില്ല, തെറ്റിദ്ധാരണയുമുണ്ടായില്ല. കഷ്ടങ്ങളിൽ ഉള്ളവരെ ആശ്വസിപ്പിപ്പാൻ കഴിയണമെങ്കിൽ നമുക്കുണ്ടാകുന്ന കഷ്ടങ്ങളിൽ ദൈവാശ്വാസം നമുക്കു ലഭിക്കണം. പക്ഷെ അതു നാം തിരിച്ചറിയണം.

ഈ ഭാഗത്ത് ഉപയോഗിച്ചിരിക്കുന്ന ആശ്വാസമെന്ന പദത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടാണ് പല പ്രാവശ്യം ആവർത്തിച്ചിരിക്കുന്നതു. മൂല ഭാഷയിൽ ആ പദത്തിനു സഹായാഭ്യർത്ഥന എന്ന അർത്ഥമാണുള്ളത്. മറ്റാർക്കും കഴിയാത്ത സന്ദർഭത്തിൽ നമ്മെ സഹായിക്കുവാൻ ദൈവത്തിനു കഴിയും. നിരാലംബമായ അവസ്ഥയെ തരണം ചെയ്യാനുള്ള ദൈവ മനോഭാവം ഇവിടെ വെളിപ്പെടുത്തുന്നു. പുതിയ നിയമ കാലയളവിൽ പരിശുദ്ധാത്മാവിനെ ഒരു കാര്യസ്ഥനായി അയക്കുമെന്ന യേശുവിന്റെ വാഗ്ദാനവും ഈ അർത്ഥത്തെ വെളിപ്പെടുത്തിതരുന്നു. ഒരു സഹായിയായും തുണയായും പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നുണ്ട്. സ്വർഗ്ഗീയ സഹായം ശക്തവും അനിവാര്യവുമാണ്. നമ്മുടെ ബലഹീനതയിലും അശക്തിയിലും നമുക്കു ദൈവികാശ്വാസം ലഭിച്ചാൽ നമുക്കു മുമ്പോട്ടു ചലിക്കാനാകും. ആത്മീയ ഉണർവ്വിനും ഉത്തേജനത്തിനും ദൈവത്തിന്റെ ആശ്വാസം ഉതകും.

## ശക്തിയും ബലവും

കൊരിന്ത്യർക്കു പൌലൊസ് എഴുതിയ ലേഖനത്തിലും ഈ ആശ്വാസാനുഭവം പൌലൊസ് വിവരിക്കുന്നുണ്ട്. "സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ കഷ്ടം നിങ്ങൾ അറിയാതിരിപ്പാൻ ഞങ്ങൾക്കു മനസ്സില്ല; ജീവിച്ചിരിക്കുമോ എന്നു നിരാശ തോന്നുമാറ്, ഞങ്ങൾ ശക്തിക്കു മീതെ അത്യന്തം ഭാരപ്പെട്ടു. അതെ ഞങ്ങളിൽ അല്ല മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിൽ തന്നേ ആശ്രയിപ്പാൻ തക്കവണ്ണം ഞങ്ങൾ മരിക്കും എന്നു ഉള്ളിൽ നിർണ്ണയിക്കേണ്ടി വന്നു. ഇത്ര ഭയങ്കര മരണത്തിൽ നിന്നു ദൈവം ഞങ്ങളെ വിടുവിച്ചു. വിടുവിക്കയും ചെയ്യും. അവൻ മേലാലും വിടുവിക്കും എന്നു ഞങ്ങൾ അവനിൽ ആശ വെച്ചിരിക്കുന്നു (2 കൊരിന്ത്യർ 1:8-10). ദൈവത്തിനു മാത്രം ചെയ്യുവാൻ കഴിയുന്ന ശക്തി പ്രകടനമാണ് പൌലൊസും കൂടെയുള്ളവരും അനുഭവിച്ചത്.

സംരക്ഷണത്തിനും ആശ്വാസത്തിനും സ്വന്തം കഴിവിലും മനുഷ്യരിലും ആശ്രയിക്കുന്നവർ വളരെയുണ്ട്. ചിലർ ശാസ്ത്രീയ സാങ്കേതിക വിദ്യയിൽ ആശ്രയിക്കുന്നു. മനുഷ്യൻ ഏതെല്ലാം വിധത്തിൽ അവർക്കു നേരിടുന്ന ദുരിതത്തെയും കഷ്ടതയെയും പരിഹരിക്കാൻ ശ്രമിക്കുന്നുവോ അതിലൊന്നിലും അവനു നിരാശ ഒഴിവാക്കുന്ന രീതിയിൽ ഫലം കിട്ടുന്നില്ല. ഈ അവസ്ഥക്കു ശരിയായ പരിഹാരം ദൈവത്തിൽ ആശ്രയിക്കുക തന്നെയാണ്. പ്രകൃതിയെയും മനുഷ്യരെയും സൃഷ്ടിച്ച സൃഷ്ടികർത്താവിന്റെ നിയന്ത്രണത്തിലാണ് എല്ലാം പ്രവർത്തിക്കുന്നത്. യേശുവും ശിഷ്യന്മാരും പടകിൽ യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ കാററു ശക്തിയായി വീശിയപ്പോൾ പടകു മറിയാറായി. ശിഷ്യന്മാർ, മരിച്ചു പോകുമെന്നു ഭയന്നു.

★

# ഒരു മാതൃകാ ഇടവക

**ജി. കൊവാൻ**

അപ്പൊസ്തലനായിരുന്ന പൌലൊസ്, തന്റെ രണ്ടാമത്തെ സുവിശേഷീകരണ യാത്രയിൽ ഫിലിപ്പിയ വിട്ടു തെസലൊനിക്യയിൽ ചെന്നു അവിടെ ഒരു ഇടവക സ്ഥാപിച്ചു. യെഹൂദന്മാരിൽ ഭൂരിഭാഗവും സുവിശേഷം നിരസിച്ചു. പക്ഷെ ഏതാനും യെഹൂദന്മാരും വളരെയധികം ജാതികളും ക്രിസ്തുവിനോടു അനുസരണത്തിലൂടെ പ്രതികരിക്കയുണ്ടായി. പൌലൊസിനു ബെരോവ, അഥേന, കൊരിന്ത് തുടങ്ങിയ സ്ഥലങ്ങളിലേക്കു പോകേണ്ടിയിരുന്നതുകൊണ്ടു കഷ്ടിച്ച് ഒരു മാസം അവൻ അവിടെ ചെലവഴിച്ചു. തിമൊഥെയൊസിനെ തെസലൊനിക്യയിലേക്കു മടക്കിയയക്കയും പിന്നീട് കൊരിന്തിൽ വെച്ച് വീണ്ടും ഒന്നിക്കയും ചെയ്യുനായി പദ്ധതി ഒരുക്കി (പ്രവൃത്തി 17:1-18:55).

ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ച് ചില തെറ്റിദ്ധാരണകൾ ഉണ്ടായിരുന്നെങ്കിലും തിമൊഥെയൊസിന്റെ വിവരണം വളരെ പ്രോത്സാഹജനകമായിരുന്നു (1 തെസലൊനിക്യർ 4:8:5:6; 2 തെസലൊനിക്യർ 4:1-8). അതുപോലെ ചില വ്യക്തികളിൽ ശുദ്ധീകരണത്തെക്കുറിച്ചുള്ള പ്രശ്നവും ഉണ്ടായിരുന്നു (1 തെസലൊനിക്യർ 4: 1-8). കൂടാതെ സുവിശേഷ കല്പനകളെ അവർ കർശനമായി മുറുകെ പിടിച്ചിരുന്നു (2 തെസലൊനിക്യർ 3:6-15). എന്നാൽ പൊതുവെ നോക്കിയാൽ ഉപദ്രവം നേരിട്ട സമയത്തും അവർ തങ്ങളുടെ ക്രിസ്തീയ സ്വഭാവം വിശ്വസ്തതയോടും ആത്മാർത്ഥതയോടും കൂടെ നിലനിർത്തി വന്നിരുന്നു. തെസലൊനിക്യാ സഭയുടെ മാതൃകയിൽ നിന്നു ശരിയായ വിശ്വസ്തത എന്തെന്നു നമുക്കു പഠിക്കുവാൻ കഴിയും. പൌലൊസ് അവർക്കെഴുതിയ ഒന്നാം

ലേഖനത്തിന്റെ ഒന്നാം അദ്ധ്യായത്തിലേക്കു നമുക്കു ശ്രദ്ധ തിരിക്കാം. ചില അനുബന്ധ വാക്യങ്ങളും നോക്കാം.

## സുവിശേഷത്തോടു ശരിയായ പ്രതികരണമായിരുന്നു അവരുടേത് (1:5-6)

തെളിയിക്കുന്ന ശക്തിയോടെ അവരോടു സുവിശേഷം പ്രസംഗിച്ചു. പരിശുദ്ധാത്മാവ് വചനത്തെ ഉറപ്പിക്കയും ചെയ്തു (1:5; 2:1-12). കേൾവിക്കാരിൽ പ്രസംഗകന്റെ ഊർജ്ജവും താല്പര്യവും സ്വാധീനം ചെലുത്തും എന്നതു വാസ്തവം തന്നെ. എന്നാൽ ആളുകളെ രക്ഷിക്കുന്നതു സത്യമാണ്. സത്യം വിശ്വസിക്കയും സ്വീകരിച്ച് അനുസരിക്കയും ചെയ്യുമ്പോഴാണ് ആത്മാക്കാം രക്ഷ പ്രാപിക്കുന്നത്. ഒരാൾ സത്യം കേട്ടു കഴിഞ്ഞാൽ അയാളുടെ മനസ്സിൽ അതു വളർന്നു കത്തി ജ്വലിച്ച് പടരുന്നു.

അവർ വചനം കൈക്കൊണ്ടതു മനുഷ്യരുടെ വചനമായിട്ടല്ല, സാക്ഷാൽ ദൈവത്തിന്റെ വചനമായിട്ടാണ് (1:6; 2:13). അവരുടെ ഈ അനുസരണം, ജീവിതത്തിൽ മാററമുണ്ടാക്കി. അവർ ശിഷ്യന്മാരായി തീർന്നതു അപ്പൊസ്തലന്മാരെ അക്ഷരികമായി അനുസരിച്ചുകൊണ്ടായിരുന്നു. സുവിശേഷ വേലയിൽ ഏർപ്പെടുന്ന ശിഷ്യന്മാർ സ്നേഹിക്കുന്നവരും ആത്മാക്കളെ കുറിച്ച് കരുതലുള്ളവരുമായിരുന്നു. അതുപോലെ തന്നെ തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളും ജീവിക്കാൻ തുടങ്ങി (1:5-6; 2:7-9). വിശുദ്ധിക്കു വേണ്ടിയുള്ള അപ്പൊസ്തലന്മാരുടെ തീഷ്ണത അവർ പങ്കിട്ടിരുന്നു (2:10-12). യെഹൂദ്യയിലെ ദൈവ സഭകളുടെ മാതൃക അവർ പ്രത്യുൽപ്പാദിപ്പിക്കുകയായിരുന്നു. പ്രാദേശിക ആചാരങ്ങളോ ജാതികളുടെ സിദ്ധാന്തങ്ങളോ ഒന്നും അവർ സഭയിലേക്കു കടമെടുത്തില്ല. അവർ കർത്താവിന്റെ അനുയായികളും അനുകാരിക

ളും ആയിരുന്നു (1:6). ക്രിസ്തുവിൽ ആയി തീർന്ന മററു ശിഷ്യന്മാരെ പോലെ തന്നെ അവരും വിലയേറിയ വിശ്വാസത്തെ പങ്കിടുന്ന സത്യക്രിസ്ത്യാനികളായി ജീവിച്ചു.

അവർക്കു നേരിട്ട കഷ്ടതയും ഉപദ്രവവും സഹിക്കുവാൻ അവരുടെ വിശ്വാസം അവരെ സഹായിച്ചു. അപ്പൊസ്തലന്മാരും യെഹൂദ്യാ സഭയിലെ അംഗങ്ങളും അതുപോലെ സഹിഷ്ണുത കാണിച്ചിരുന്നു (1:6;2:4). പരിശുദ്ധാത്മാവിൽ സന്തോഷിക്കുന്നതിനു ഉപദ്രവങ്ങൾ ഒന്നും അവർക്കു തടസമായിരുന്നില്ല.

## പുറത്തുപോയി സുവിശേഷം അറിയിക്കുന്നതിൽ അവർ മാതൃകയുള്ളവരായിരുന്നു (1:7-9)

സുവിശേഷത്തിൻെറ ശക്തി എങ്ങനെ ആളുകളെ മാററുന്നു എന്നു അവർ കാണിച്ചുകൊടുത്തു (1:7). വാസ്തവത്തിൽ ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കു അതു നല്ലൊരു മാതൃക തന്നെയായിരിക്കും (1 തിമൊഥെയൊസ് 4:12). സഭയുടെ ഏററവും വലിയ ശുപാർശ, മററുള്ളവർക്കു അനുകരിക്കാവുന്ന മാതൃക തന്നെയാണ്.

അവർ സുവിശേഷ പ്രകാരം ജീവിക്കുക മാത്രമല്ല, അവർ സ്വീകരിച്ച സത്യ വചനം മററുള്ളവരോടു പ്രസ്താവിക്ക കൂടെ ചെയ്തു (1:8). ഈ സുവിശേഷം അനേക ഹൃദയങ്ങളിൽ ചലനം സൃഷ്ടിച്ചു. അവരും ഈ വചനത്തെ മററുള്ളവരിലേക്കു എത്തിച്ചു കൊടുത്തു (2 തിമൊഥെയൊസ് 2:2). ദൈവത്തിൽ നിന്നു ലഭിച്ച സന്ദേശം അപ്പൊസ്തലന്മാരുടെ ജീവിതത്തെ മാററി മറിച്ചു. അപ്പൊസ്തലന്മാരുടെ വിശ്വാസ ജീവിതവും അവരുടെ സുവിശേഷ ഘോഷണവും ആളുകളിൽ പ്രകടമായ മാററം വരുത്തി. ആത്മാർത്ഥതയും സത്യസന്ധതയുമുള്ള ശി

ഷ്യന്മാർ അവർക്കുണ്ടായ ചലനത്തെ മററുള്ളവരിലേക്കു വ്യാപിപ്പിച്ചു. സ്വർഗ്ഗം ആഗ്രഹിക്കുന്നതും അതുതന്നെ. അങ്ങനെ ലോകത്തിൽ എങ്ങും ആത്മീയമായി ദാഹിക്കുന്നവർക്കു ശമനം ലഭിക്കും. തെസലൊനീക്യയിലുള്ള ക്രിസ്ത്യാനികൾ അവർ സ്വീകരിച്ച സത്യം ഹൃദയപൂർവ്വം അവർ ആളുകളെ അറിയിച്ചു വന്നു (1:8-9).

## പരിവർത്തനത്തിനും ജീവിക്കുന്ന വിശ്വാസത്തിനും അവർ മാതൃകയായിരുന്നു (1:9-10)

അവർ വിഗ്രഹങ്ങളെ വിട്ടിട്ടാണ് തിരിഞ്ഞത് (1:9). ഒരാൾ ജീവനുള്ള സത്യ ദൈവത്തെ സ്വീകരിച്ചു കഴിഞ്ഞാൽ പിന്നെ തെററായ ദൈവങ്ങളെ എടുക്കരുത്. പഴയ വിഗ്രഹാരാധനയോ അതുമായി ബന്ധപ്പെട്ട കാര്യങ്ങളോ പിന്നെ അയാൾ ചെയ്യരുത്. അത്തരം തെററുകൾ ദൈവം അംഗീകരിക്കയില്ല. പിന്നീട് പഴയ യാതൊന്നിന്നും ഒരു വിട്ടു വീഴ്ച്ചക്കും തയ്യാറാകരുത്. അതാണ് തെസലൊനിക്യയിലുള്ളവർ ചെയ്തത്. അവർ പഴയതെല്ലാം ഉപേക്ഷിച്ചു.

അവർ, ദൈവ പുത്രനായ ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു വീണ്ടും വരുന്നതിനായി കാത്തിരുന്നു (1:10). സന്ദേശത്തിലെ വാഗ്ദാനമായ കർത്താവിന്റെ മഹത്വകരമായ തിരിച്ചു വരവ് അവർ പൂർണ്ണമായി ഉൾക്കൊണ്ടു അതിന്നായി കാത്തിരുന്നു. അതുകൊണ്ടു അവരുടെ വിശ്വാസം പ്രവർത്തിക്കുന്ന ഒന്നായിരുന്നു (2 തെസലൊനിക്യർ 1:3). അവർ ഒരു തത്വത്തിലായിരുന്നില്ല ആശ്രയിച്ചിരുന്നതു. ഒരു വ്യക്തിയിലായിരുന്നു. സ്നേഹത്താൽ വ്യാപരിക്കുന്ന ഒരു പ്രയത്നമായിരുന്നു അവരുടേത്. പ്രത്യാശക്കു ദീർഘക്ഷമയോടെ കാത്തിരിക്കണമെന്നും ഗ്രഹിച്ചിരുന്നു.

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

| | |
|---|---|
| **ENGLISH -** | The Voice of Truth - Speakers: **Reggi Gnanasundaram** and **J.C. Choate** Fridays: 7.45 to 8.00 p.m.<br>All Correspondence should be sent to The Voice of Truth<br>Post Box. 3815 New Delhi-110 049 |
| **HINDI -** | Sathya Susamachar. Speaker - **Sunny David**<br>All Correspondence should be sent to<br>Sathya Susamachar,<br>Post Box. 3815 New Delhi- 110 049<br>Sundays: 8.45 to 9.00 p.m<br>Thursdays: 9.00 to 9.15 p.m. |
| **KANNADA -** | The Voice of Truth. Speaker - **Robert Rathnakar**<br>Box. 448, Bangalore - 560 004<br>Sundays: 1.45 to 2.00 pm. |
| **MALAYALAM -** | The Voice of Truth. Speaker - **P.K. Varghese**<br>All Correspondence should be sent to Church of Christ,<br>Post Box. 5540<br>Trivandrum 695 034, Kerala, India |
| **TAMIL -** | The Way of Truth. Speaker- **P.R.Swamy**<br>All Correspondence should be sent to The way of Truth,<br>Post Box 8405<br>Bangalore - 560 084 |
| **TELUGU -** | The Voice of Truth. Speaker- **Joshua Gootam**<br>All Correspondence should be sent to<br>The Voice of Truth, Post Box. 80, Kakinada 533 001<br>Sundays: 2.00 to 2.15 p.m.<br>Mondays: 2.00 to 2.15 p.m.<br>Tuesdays: 2.00 to 2.15 p.m.<br>Wednesdays: 2.00 to 2.15 p.m |

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian literatures are available in these different languages from the addresses listed. Also Radio sermons are available in book form.

---

Edited, Printed and Published by P.K. Varghese Church of Christ Trivandrum. Printed at Joshah Printers, Trivandrum.

Reg:No.K.Dis 90095/86/ A8, Regd. No.KL/TV (N)22

JOIN US FOR WORSHIP
THE CHURCH OF CHRIST MEETS

To Worship

at Y M C A
SUNDAY at 10 A.M

For Bible Study

T.C.27/218, Thampuranmukku
Trivandrum-7
ALL ARE WELCOME

All correspondence should be sent to the Editor
Bible Truth, Church of Christ, Trivandrum - 34, Kerala, South Indi

To

From

**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378